"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിൽ വന്ന കാലതാമസം കാരണം ജോലി ലഭിക്കുന്നതിന് അവസരം നഷ്ടപ്പെട്ട ശ്രീ.സൈജു പി.എസ്-ന് കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ എറണാകുളം ജില്ലയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(കൈ) നം.72/2026/LSGD    തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:-

1. ശ്രീ.സൈജു പി.എസ് ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച 16.05.2018 തീയതിയിലെ അപേക്ഷ.
2. നഗരകാര്യഡയറക്ടറുടെ 27.05.2019 തീയതിയിലെ ഇ7-10814/19 നമ്പർ കത്ത്.
3. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 06.12.2018 തീയതിയിലെ DR I(1)/50020/2018-kpsc(1) നമ്പർ കത്ത്.
4. 21.07.2023 തീയതിയിലെ എവിസി II- 1/28/2023-ഉഭപവ നമ്പർ അന്വേഷണറിപ്പോർട്ട്

## ഉത്തരവ്

ശ്രീ.സൈജു.പി.എസ്. ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച പരാമർശം 1 അപേക്ഷയിൽ 04.01.2014-ൽ പരീക്ഷ നടത്തി 2015ൽ പ്രസിദ്ധീകരിച്ച എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ 2018 മാർച്ച് 31 ന് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും എറണാകുളം ജില്ലാ പി.എസ്.സി. ഓഫീസിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തപ്പോൾ 2 മിനിറ്റ് താമസിച്ചുപോയി എന്ന കാരണത്താൽ ഭിന്നശേഷിക്കാരനായ തന്റെ ജോലി നിഷേധിക്കപ്പെട്ടതായും, ആയതിനാൽ ഉദ്യോഗസ്ഥരുടെ അനാസ്ഥകൊണ്ടുണ്ടായ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്നും ഭിന്നശേഷിക്കാരനായ തനിക്ക് പി.എസ്.സി പരീക്ഷയെഴുതാനുള്ള പ്രായപരിധി കഴിഞ്ഞതിനാൽ തനിക്ക് ജോലി ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പി.എസ്.സി.ക്ക് നൽകണമെന്ന് അപേക്ഷിച്ചിരുന്നു.

2. പ്രസ്തുത അപേക്ഷയിൻമേൽ നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം 2 റിപ്പോർട്ട് പ്രകാരം, എറണാകുളം ജില്ലാ പി.എസ്.സി. ഓഫീസർ നൽകിയ 19.03.2018-ലെ അഡ്വൈസിൽ ക്രമ നം. 13 ആയി ഉൾപ്പെട്ട ശ്രീ. ജവഹർ കെ.കെ. എന്ന ഉദ്യോഗാർത്ഥി Differently Abled (Low Vision ടേൺ) എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലെ

നിയമനം ആവശ്യമില്ലായെന്ന് സൂചിപ്പിച്ച് ടി ഓഫീസിലേയ്ക്ക് 31.03.2018-ന് ഓഫീസ് സമയത്തിനു ശേഷം ഇ-മെയിൽ മുഖാന്തിരം നേരിട്ട് അപേക്ഷ സമർപ്പിച്ചിരുന്നതും, ടിയാന് നിയമന ഉത്തരവ് ലഭിക്കുകയോ ടിയാന് നിയമനം ആവശ്യമില്ല എന്ന വിവരം ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി മുഖാന്തിരമോ നഗരകാര്യ ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിരുന്നില്ലായെന്നും എന്നിരുന്നാലും Differently Abled (Low Vision) ടേണിൽ ടിയാന് നിയമനം ആവശ്യമില്ലാത്ത സാഹചര്യത്തിൽ അടുത്ത ഉദ്യോഗാർത്ഥിക്ക് (ശ്രീ.സൈജു.പി.എസ്.) നിയമന ശിപാർശ ലഭ്യമാകണമെന്ന സദുദ്ദേശത്തോടുകൂടി 2018 മാർച്ച് 31-ന് റാങ്ക് ലിസ്റ്റിലെ കാലാവധി അവസാനിക്കുന്ന തീയതിവരെ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും പി.എസ്.സിക്ക് എൻ.ജെ.ഡിയായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. എന്നാൽ ഒരു ഒഴിവ് രാത്രി 12.00 മണി കഴിഞ്ഞ് രണ്ട് മിനിട്ടിന് ശേഷം മാത്രമാണ് പി എസ് സി യ്ക്ക് ലഭിച്ചിട്ടുള്ളതെന്നും ആയത് സാങ്കേതിക പിഴവായി കണക്കാക്കണമെന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നുവെങ്കിലും നിലവിലെ ചട്ടപ്രകാരം അപേക്ഷകന്റെ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലായെന്ന് പരാമർശം 3 പ്രകാരം മറുപടി നൽകിയിരുന്നു.

4. നഗരകാര്യ ഡയറക്ടർ ഓഫീസിൽ നിന്നും കൃത്യ സമയത്ത് ഒഴിവ് റിപ്പോർട്ട് ചെയ്യാത്തതു മൂലം അവസരം നഷ്ടമായെന്ന കാണിച്ച് 2018 മാർച്ച് 31-ന് കാലാവധി അവസാനിച്ച എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ (നഗരകാര്യം) ഓഫീസിൽ ആകസ്മിക പരിശോധന നടത്തി പി.&എ.ആർ.ഡി. അഡീഷണൽ ചീഫ് സെക്രട്ടറി സമർപ്പിച്ച പരാമർശം 4 അന്വേഷണറിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം, 31.03.2018ൽ കാലാവധി അവസാനിച്ച ഒഴിവുകൾ പി.എസ്.സിക്ക് 31.03.2018-ൽ റിപ്പോർട്ട് ചെയ്തപ്പോൾ, എറണാകുളം ജില്ലയിലെ 2 ഒഴിവുകൾ ഉൾപ്പടെ 5 ഒഴിവുകൾ പി.എസ്.സി-ക്ക് ലഭിച്ചത് രാത്രി 12.00 മണിക്ക് ശേഷമാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 മാർച്ച് 31-ന് കാലാവധി അവസാനിച്ച എൽ.ഡി.ക്ലാർക്ക് (എറണാകുളം ജില്ല) പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്ന് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിൽ വന്ന കാലതാമസം കാരണം ജോലി ലഭിക്കുന്നതിന് അവസരം നഷ്ടപ്പെട്ട, ഭിന്നശേഷിക്കാരനായ ശ്രീ.സൈജു.പി.എസ്-ന് കെ.എസ് & എസ്.എസ്.ആർ റൂൾ 39 ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി, ജോലിയിൽ പ്രവേശിക്കുന്ന തീയതി പ്രാബല്യം മുതൽ മാത്രമേ ടിയാൾക്ക് ടി തസ്തികയിൽ സീനിയോരിറ്റിയ്ക്കും മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന വ്യവസ്ഥയിൽ, തദ്ദേശ സ്വയംഭരണ വകുപ്പിലെ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ എറണാകുളം ജില്ലയിൽ നിയമനം നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. സൈജു.പി.എസ്.,സായൂജ്യം, നടക്കാവ് പി.ഒ., ഉദയംപേരൂർ-682307, തൃപ്പൂണിത്തുറ.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഉദ്യോഗസ്ഥഭരണപരിഷ്കാര(അഡ്വൈസ് സി) വകുപ്പ് (15.07.2025 തീയതിയിലെ ADV C3/193/2018-P&ARD നമ്പർ കുറിപ്പ് പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 07-03-2026 10:19:23
സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : **05-03-2026**

ഫയൽ നം. ഇയു2/419/2019/തസ്വഭവ. ഇനം നം: 3835

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യ വകുപ്പിൽ നിന്നും പി.എസ്.സി.-യ്ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്യാൻ കാലതാമസം വന്നതുമൂലം നിയമനത്തിന് അവസരം നഷ്ടമായ ശ്രീ. സൈജു പി.എസ്.-ന് കെ.എസ്.&എസ്.എസ്.ആർ. റൂൾ 39-ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി നിയമനം നൽകുന്നതിനുള്ള അനുമതി.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇയു2/ 419/ 2019/ തസ്വഭവ |
| 2 | വകുപ്പ് | : | തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ് |
| 3 | വിഷയം | : | നഗരകാര്യവകുപ്പിൽ നിന്നും പി എസ് സി യ്ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്യാൻ കാലതാമസം വന്നതുമൂലം നിയമനത്തിന് അവസരം നഷ്ടമായ ശ്രീ.സൈജു പി.എസ്-ന് കെ.എസ്&എസ്.എസ്.ആർ റൂൾ 39 ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി നിയമനം നൽകുന്നതിനുള്ള അനുമതി - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | | 23.09.2025 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii)ആണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ലാലി കെ |
| 8 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | അനുപമ ടി.വി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.03.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | എം.ബി.രാജേഷ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 04.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04.03.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 05.03.2026 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് കത്തിന്റെ നമ്പരും തീയതിയും | : | സ.ഉ(കൈ)നം. 72/ 2026/ തസ്വഭവ തീയതി. 06.03.2026 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

നഗരകാര്യവകുപ്പിൽ നിന്നും പി എസ് സി യ്ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്യാൻ കാലതാമസം വന്നതുമൂലം നിയമനത്തിന് അവസരം നഷ്ടമായ ശ്രീസൈജു പി.എസ്-ന് കെ.എസ്&എസ്.എസ്.ആർ റൂൾ 39 പ്രകാരമുള്ള സവിശേഷാധികാരം ഉപയോഗപ്പെടുത്തി നിയമനം നൽകുന്നതിന് അനുമതി സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്

2. ശ്രീ.സൈജു.പി.എസിന്റെ അപേക്ഷ പ്രകാരം 04.01.2014 ൽ പരീക്ഷ നടത്തി 2015 ൽ പ്രസിദ്ധീകരിച്ച എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ 2018 മാർച്ച് 31 ന് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും എറണാകുളം ജില്ലാ പി.എസ്.സി. ഓഫീസിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തപ്പോൾ 2 മിനിറ്റ് താമസിച്ചുപോയി എന്ന കാരണത്താൽ ഭിന്നശേഷിക്കാരനായ തന്റെ ജോലി നിഷേധിക്കപ്പെട്ടതായും, ആയതിനാൽ ഉദ്യോഗസ്ഥരുടെ അനാസ്ഥകൊണ്ടുണ്ടായ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്നും ഭിന്നശേഷിക്കാരനായ തനിക്ക് പി.എസ്.സി പരീക്ഷയെഴുതാനുള്ള പ്രായപരിധി കഴിഞ്ഞതിനാൽ തനിക്ക് ജോലി ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പി.എസ്.സി.ക്ക് നൽകണമെന്ന് അപേക്ഷിക്കുകയുണ്ടായി.

3. മേൽ അപേക്ഷയിന്മേൽ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം 19.03.2018-ലെ അഡ്വൈസ് പ്രകാരം എറണാകുളം ജില്ലാ പി.എസ്.സി. ഓഫീസർ 19 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുകയും ആയത് ടി ഓഫീസിൽ 28.03.2018-ൽ ലഭിക്കുകയും ചെയ്തിരുന്നു. ടി അഡ്വൈസിൽ ക്രമ നം. 13 ആയി ഉൾപ്പെട്ട ശ്രീ. ജവഹർ കെ.കെ. എന്ന ഉദ്യോഗാർത്ഥി Differently Abled (Low Vision) ടേൺ ആയി ഉൾപ്പെട്ടിരുന്നു. ടിയാൻ യു.പി.എസ്.എ ആയി സേവനം അനുഷ്ഠിച്ചു വരുന്നതിനാൽ എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലെ നിയമനം ആവശ്യമില്ലായെന്ന് സൂചിപ്പിച്ച് ടി ഓഫീസിലേയ്ക്ക് 31.03.2018-ന് ഓഫീസ് സമയത്തിനു ശേഷം മാത്രമാണ് ഇ-മെയിൽ മുഖാന്തിരം നേരിട്ട് അപേക്ഷ സമർപ്പിച്ചിരുന്നത്. ടിയാന്റെ എൻ.ജെ.ഡി. ഒഴിവിലേയ്ക്കാണ് ശ്രീ. സൈജു.പി.എസ്.-ന് നിയമനം ലഭിക്കുവാൻ അർഹതയുണ്ടായിരുന്നത്. കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനത്തിനായി പി.എസ്.സിയിൽ നിന്നും നിയമന ശിപാർശ ലഭിച്ച് നഗരകാര്യ ഡയറക്ടറുടെ ഓഫീസിൽ നിന്നും നൽകുന്ന നിയമന ഉത്തരവ് കൈപ്പറ്റി 14 ദിവസത്തിനു ശേഷം ഉദ്യോഗാർത്ഥി നഗരസഭാ സെക്രട്ടറി മുൻപാകെ ഹാജരാകാത്ത അവസരങ്ങളിൽ നഗരസഭാ സെക്രട്ടറി ടി

വിഷയം നഗരകാര്യ ഡയറക്ടറുടെ ഓഫീസിലേയ്ക്ക് വൺടൈം വേരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സഹിതം തിരികെ ലഭ്യമാക്കുന്ന മുറയ്ക്കാണ് എൻ.ജെ.ഡിയായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നത്. ശ്രീ. ജവഹർ കെ.കെയുടെ വിഷയത്തിൽ ടിയാന് എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനത്തിന് പരിഗണിക്കേണ്ടതില്ല എന്ന് ടിയാൻ ഇ-മെയിൽ മുഖേന മാത്രമാണ് ടി ഓഫീസിൽ അറിയിച്ചിട്ടുള്ളത്. ടിയാന് നിയമന ഉത്തരവ് ലഭിക്കുകയോ ടിയാന് നിയമനം ആവശ്യമില്ല എന്ന വിവരം ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി മുഖാന്തിരമോ നഗരകാര്യ ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിരുന്നില്ല. എന്നിരുന്നാലും Differently Abled (Low Vision) ടേണിൽ ടിയാന് നിയമനം ആവശ്യമില്ലാത്ത സാഹചര്യത്തിൽ അടുത്ത ഉദ്യോഗാർത്ഥിക്ക് (ശ്രീ.സൈജു.പി.എസ്.) നിയമന ശിപാർശ ലഭ്യമാകണമെന്ന സദുദ്ദേശത്തോടുകൂടി എറണാകുളം ജില്ലാ പി.എസ്.സി ഓഫീസിലെ ഉപദേശ പ്രകാരം ടിയാന്റെ ഇ-മെയിൽ മുഖാന്തിരം ലഭ്യമാക്കിയ അപേക്ഷ പരിഗണിച്ച്, 2018 മാർച്ച് 31-ന് റാങ്ക് ലിസ്റ്റിലെ കാലാവധി അവസാനിക്കുന്ന തീയതിവരെ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും പി.എസ്.സിക്ക് എൻ.ജെ.ഡിയായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. എന്നാൽ ഒരു ഒഴിവ് രാത്രി 12.00 മണി കഴിഞ്ഞ് രണ്ട് മിനിട്ടിന് ശേഷം മാത്രമാണ് പി എസ് സി യ്ക്ക് ലഭിച്ചിട്ടുള്ളത്. അത് സാങ്കേതിക പിഴവായി കണക്കാക്കണമെന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു. ഉദ്യോഗസ്ഥ ഭരണപരിഷ്കാരവകുപ്പ് ഇക്കാര്യത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നതും, നിലവിലെ ചട്ടപ്രകാരം അപേക്ഷകന്റെ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലായെന്ന് പി.എസ്.സി മറുപടി നൽകിയിരുന്നതുമാണ്.

4. തുടർന്ന്, 2018 മാർച്ച് 31-ന് കാലാവധി അവസാനിച്ച എറണാകുളം ജില്ലാ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി.നിഷാ ബാലകൃഷ്ണൻ നഗരകാര്യ ഡയറക്ടർ ഓഫീസിൽ നിന്നും കൃത്യ സമയത്ത് ഒഴിവ് റിപ്പോർട്ട് ചെയ്യാത്തതു മൂലം തനിയ്ക്ക് അവസരം നഷ്ടമായെന്നു കാണിച്ച് ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ P& ARD അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ ഡയറക്ടർ (നഗരകാര്യം) ഓഫീസിൽ ആകസ്മിക പരിശോധന നടത്തി സമർപ്പിച്ച അന്വേഷണറിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം, 31.03.2018 ൽ കാലാവധി അവസാനിച്ച ഒഴിവുകൾ പി.എസ്.സിക്ക് 31.03.2018 ൽ റിപ്പോർട്ട് ചെയ്തപ്പോൾ, എറണാകുളം ജില്ലയിലെ 2 ഒഴിവുകൾ ഉൾപ്പടെ 5 ഒഴിവുകൾ പി.എസ്.സി-ക്ക് ലഭിച്ചത് രാത്രി 12.00 മണിക്ക് ശേഷമാണെന്ന് കണ്ടെത്തിയിരുന്നതും ആയതിൽ മന്ത്രിസഭാ യോഗതീരുമാനപ്രകാരം, ശ്രീമതി. നിഷ ബാലകൃഷ്ണന്റെ അപേക്ഷ

പരിഗണിച്ച്, 2018 മാർച്ച് 31-ന് കാലാവധി അവസാനിച്ച എൽ.ഡി.ക്ലാർക്ക് (എറണാകുളം ജില്ല) പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്ന് നഗരകാര്യഡയറക്ടറേറ്റിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വന്ന കാലതാമസം കാരണം ജോലി ലഭിക്കുന്നതിന് അവസരം നഷ്ടപ്പെട്ടതിനാൽ, കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി ടിയാൾക്ക് തദ്ദേശസ്വയംഭരണവകുപ്പിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവായിട്ടുള്ളതാണ്.

5. ശ്രീ.സൈജു.പി.എസിന്റെ അപേക്ഷ പരിഗണിച്ച് ശ്രീമതി.നിഷ ബാലകൃഷ്ണന് നിയമനം നൽകിയിട്ടുള്ള സമാനരീതിയിൽ ശ്രീ.സൈജു.പി.എസിനും നിയമനം നൽകുന്നതിൽ, ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കിയത് ചുവടെ ചേർക്കും പ്രകാരമാണ്.

*"ശ്രീ.സൈജു.പി.എസിന്റെ അപേക്ഷയും ശ്രീമതി നിഷ ബാലകൃഷ്ണന് ജോലി നൽകിയ സാഹചര്യവും സമാനമാണ് എന്ന് കാണുന്നു. ടിയാൻ ഭിന്നശേഷിക്കാരനും 50 വയസ്സിനടുത്ത് പ്രായമുള്ളയാളുമാണ്. 31.03.2018-ന് രാത്രി 12.00 മണിക്ക് മുമ്പ് എൻ.ജെ.ഡി. ഒഴിവ് (Differently Abled (Low Vision) ടേൺ) പി.എസ്.സിക്ക് ലഭിച്ചിരുന്നുവെങ്കിൽ ശ്രീ സൈജു.പി.എസ്.-ന് നിയമനം ലഭിക്കുമായിരുന്നു. ഈ ദിവസം നഗരകാര്യ വകുപ്പ് ഓഫീസിൽ റിപ്പോർട്ട് ചെയ്യപ്പെട്ട അവസാന ഒഴിവുവരെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചപ്പോൾ ഒരു ഒഴിവ് രാത്രി 12.00 മണി കഴിഞ്ഞ് രണ്ട് മിനിട്ടിന് ശേഷം മാത്രമാണ് പി എസ് സി യ്ക്ക് ലഭിച്ചിട്ടുള്ളത് എന്നും അത് സാങ്കേതിക പിഴവായി കണക്കാക്കണമെന്നും നഗരകാര്യ വകുപ്പ് തലവൻ തന്നെ സർക്കാരിനെ അറിയിച്ചിരുന്നു.*

*സമാനസാഹചര്യത്തിൽ ജോലി ലഭിക്കുന്നതിന് അവസരം നഷ്ടപ്പെട്ട ശ്രീമതി നിഷ ബാലകൃഷ്ണന് കെ.എസ്.&എസ്. എസ്.ആർ. റൂൾ 39 ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി തദ്ദേശസ്വയംഭരണവകുപ്പിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാരനായ ശ്രീ.സൈജു.പി.എസിന്റെ അപേക്ഷ പരിഗണിച്ചും നഗരകാര്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനും സമാനരീതിയിൽ*

*നിയമനം നൽകേണ്ടതുണ്ടോ എന്ന വിഷയത്തിൽ ബഹു മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെ തുടർനടപടി സ്വീകരിക്കേണ്ടതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."*

6. ഇക്കാര്യത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കിയത് ചുവടേ ചേർക്കും പ്രകാരമാണ്,

*"ഭരണവകുപ്പിന്റെ ഫയൽ പരിശോധിച്ചതിൽ 31.03.2018-ൽ കാലാവധി അവസാനിച്ച ഒഴിവുകൾ പി.എസ്.സിക്ക് 31.03.2018-ൽ റിപ്പോർട്ട് ചെയ്തപ്പോൾ, എറണാകുളം ജില്ലയിലെ 2 ഒഴിവുകൾ പി.എസ്.സി-ക്ക് ലഭിച്ചത് 01.04.2018-ന് 12.00 AM, 12.02 AM എന്നീ സമയത്താണെന്നും ആയതിൽ ഒരൊഴിവിൽ ശ്രീമതി.നിഷാ ബാലകൃഷ്ണന്റെ അപേക്ഷപ്രകാരം കെ.എസ്.&എസ്.എസ്.ആർ. റൂൾ 39-ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി ടിയാൾക്ക് തദ്ദേശസ്വയംഭരണവകുപ്പിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവായിട്ടുള്ളതാണെന്നും ആയതിനാൽ 01.04.2018-ന് 12.00 AM, 12.02 AM എന്നീ സമയത്ത് റിപ്പോർട്ട് ചെയ്ത രണ്ടാമത്തെ ഒഴിവിൽ ശ്രീ.സൈജു.പി.എസ്-ന് നിയമനം ലഭിക്കേണ്ടതായിരുന്നെന്നും Note#37ൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. സമാന സാഹചര്യത്തിൽ ശ്രീമതി.നിഷ ബാലകൃഷ്ണന് ജോലി നൽകിയിട്ടുള്ളതിനാൽ ശ്രീ.സൈജു.പി.എസ്-ന് നിയമനം നിഷേധിച്ചാൽ ഭരണഘടനയുടെ അനുച്ഛേദം 14-ന്റെ ലംഘനത്തിനിടയാകും എന്ന് കാണുന്നു. ആയതിനാൽ സൈജു.പി.എസ്-ന് നിയമനം നൽകുന്ന വിഷയത്തിൽ ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പിന്റെ അഭിപ്രായം കൂടി പരിഗണയിലെടുത്ത് ഉചിത തലത്തിലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.&എസ്.എസ്.ആർ. റൂൾ 39-ലെ സവിശേഷാധികാരം ഉപയോഗിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്."*

7. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെയും നിയമവകുപ്പിന്റെയും അഭിപ്രായപ്രകാരവും ശ്രീമതി.നിഷാ ബാലകൃഷ്ണന് സ്വീകരിച്ച സമാന നയം ശ്രീ.സൈജു.പി.എസ്-ന്റെ നിയമന വിഷയത്തിലും സ്വീകരിക്കുന്നതാണ് നീതിപൂർവ്വമായ തീരുമാനം എന്നതിനാലും, ടിയാന്റെ അപേക്ഷ പരിഗണിച്ച്, 2018 മാർച്ച് 31-ന് കാലാവധി അവസാനിച്ച എൽ.ഡി.ക്ലാർക്ക് (എറണാകുളം ജില്ല) പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്ന് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വന്ന കാലതാമസം കാരണം ജോലി ലഭിക്കുന്നതിന്

അവസരം നഷ്ടപ്പെട്ട, ഭിന്നശേഷിക്കാരനായ ശ്രീ.സൈജു.പി.എസ്-ന് കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി തദ്ദേശസ്വയംഭരണവകുപ്പിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകാവുന്നതാണോ എന്നതിൽ ഉത്തരവിനായി ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിക്ക് ഫയൽ സമർപ്പിച്ചതിനെ തുടർന്ന് വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

2018 മാർച്ച് 31-ന് കാലാവധി അവസാനിച്ച എൽ.ഡി.ക്ലാർക്ക് (എറണാകുളം ജില്ല) പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്ന് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിൽ വന്ന കാലതാമസം കാരണം ജോലി ലഭിക്കുന്നതിന് അവസരം നഷ്ടപ്പെട്ട ഭിന്നശേഷിക്കാരനായ ശ്രീ.സൈജു.പി.എസ്-ന് കെ.എസ് & എസ്.എസ്.ആർ റൂൾ 39 ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിലെ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ എറണാകുളം ജില്ലയിൽ നിയമനം നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകാവുന്നതാണോ ? അപ്രകാരമെങ്കിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി പ്രാബല്യം മുതൽ മാത്രമേ ടിയാൾക്ക് മേൽ തസ്തികയിൽ സീനിയോരിറ്റിയ്ക്കും മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുകയുള്ളൂ എന്നും തീരുമാനിക്കാമോ ?

GOVERNMENT OF KERALA
(Shri. Pinarayi Vijayan Ministry)
Note for the Council of Ministers

| | | | |
|---|---|---|---|
| 1 | File No | : | EU2/419/2019/LSGD |
| 2 | Department | : | Local Self Government (E.U) Department |
| 3 | Subject | : | Granting appointment to Shri Saiju P.S., who lost the opportunity for appointment due to the delay in reporting vacancy to the Public Service Commission by the Urban Affairs Department, by invoking the special powers conferred under Rule 39 of the KS&SSR |
| 4 | Date of Chief Minister's order for placing before the Council | : | 23.09.2025 |
| 5 | (i)Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | No |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the note for the Council ? | : | Yes |
| 7 | Name of Joint Secretary who submitted the Draft Note | : | Lali K |
| 8 | Name of Secretary who approved the Draft Note | : | Anupama T.V |
| 9 | Date of approval of the Draft Note for the Council by the Secretary | : | 28.02.2026 |
| 10 | Name of Chief Secretary, who approved the Draft Note | : | Dr.A.Jayathilak |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 03.03.2026 |
| 12 | Name of Minister who approved the Draft Note | : | M.B.Rajesh |
| 13 | Date of approval of the draft Note for the Council by the Minister | : | 04.03.2026 |
| 14 | Date of submission of fair copies | : | 04.03.2026 |
| 15 | Date of decision by the Council of Minister | | 05.03.2026 |
| 16 | Number and date of the G.O./letter communicating the decision | | GO(Ms)No. 72/2026/LSGD dated 06.03.2026 |

## NOTE FOR THE COUNCIL OF MINISTERS

This note deals with the matter of granting appointment to Shri Saiju P.S., who lost the opportunity for appointment due to the delay in reporting vacancy to the Public Service Commission by the Urban Affairs Department, by invoking the special powers conferred under Rule 39 of the Kerala State and Subordinate Services Rules.

2. As per the application submitted by Shri Saiju P.S., he had appeared for the examination conducted on 04.01.2014, pursuant to which the L.D. Clerk Rank List was published in 2015. He has stated that when vacancies were reported from the Directorate of Urban Affairs to the District Office of the Public Service Commission, Ernakulam, on 31.03.2018, his appointment was denied on the ground that there was a delay of two minutes in reporting the vacancies. He has further submitted that, being a person with disability, he was deprived of appointment due to the negligence of the officials concerned, and has therefore requested that remedial action be taken to address the issue arising out of such lapse. He has also pointed out that he has since crossed the upper age limit for appearing in the PSC examination and has requested that appropriate directions be issued to the Public Service Commission to facilitate his appointment.

3. As per the report of the Director of Urban Affairs on the above application, the District Officer, Ernakulam, of the Public Service Commission had, vide advice dated 19.03.2018, advised 19 candidates for appointment, and the said advice was received in that office on

28.03.2018. In the said advice list, Shri Jawahar K.K., included at Sl. No. 13, was advised against the Differently Abled (Low Vision) turn. Since the said candidate was already working as U.P.S.A., he had informed through e-mail that he may not be considered for appointment to the post of L.D. Clerk/Bill Collector which was received in that office only on 31.03.2018 after officer hours. Shri Saiju P.S. was eligible for appointment against the Non-Joining Duty (NJD) vacancy that arose on account of the said candidate. In the Kerala Municipal Common Service, in cases where a candidate advised by the Public Service Commission for appointment to the post of L.D. Clerk/Bill Collector receives the appointment order issued from the office of the Director of Urban Affairs but fails to report before the concerned Municipal Secretary within 14 days, the matter is reported back by the Municipal Secretary to the office of the Director of Urban Affairs along with the One Time Verification Certificate, and only thereafter the vacancy reported to the PSC as an NJD vacancy. In the case of Shri Jawahar K.K., he had merely intimated through e-mail that he may not be considered for appointment. He had neither received the appointment order nor was any communication received in the office of the Director of Urban Affairs through the concerned Municipal Secretary stating that he was unwilling to join duty. However, in view of the fact that the candidate included in the Differently Abled (Low Vision) turn did not require appointment, and with the bona fide intention of enabling the next eligible candidate (Shri Saiju P.S.) to secure advice, and as per the guidance of the District Office of the PSC, Ernakulam, the application received through e-mail from the said candidate was considered, and all

vacancies that arose up to the expiry of the rank list on 31.03.2018 were reported to the PSC as NJD vacancies. However, one vacancy was received by the PSC only two minutes after 12.00 midnight. The Director of Urban Affairs has reported that the same may be treated as a technical lapse. The Personnel and Administrative Reforms Department had sought the advice of the Public Service Commission in this matter, and the PSC has replied that, under the existing rules, the request of the applicant cannot be considered.

4. Subsequently, on the basis of a petition submitted before the Hon'ble Chief Minister by Smt. Nisha Balakrishnan, who was included in the L.D. Clerk Rank List for Ernakulam District that expired on 31.03.2018, contending that she had lost the opportunity for appointment due to the failure of the office of the Director of Urban Affairs to report vacancies in time, an inspection was conducted in the office of the Principal Director by the Additional Chief Secretary, Personnel and Administrative Reforms Department (P&ARD). As per the findings in the enquiry report submitted pursuant to the said inspection, it was found that, while reporting the vacancies that arose up to 31.03.2018 to the Public Service Commission, five vacancies, including two vacancies pertaining to Ernakulam District, were received by the PSC only after 12.00 midnight on 31.03.2018. Thereupon, as per the decision of the Council of Ministers, the application of Smt. Nisha Balakrishnan was considered, and in view of the fact that she had lost the opportunity for appointment from the L.D. Clerk (Ernakulam District) PSC Rank List that expired on 31.03.2018 due to the delay in reporting vacancies by the Directorate of Urban Affairs,

orders were issued granting her appointment to the post of L.D. Clerk in the Local Self Government Department by invoking the special powers under Rule 39 of the Kerala State and Subordinate Services Rules (KS&SSR).

5. On consideration of the application of Shri Saiju P.S., the opinion of the Personnel and Administrative Reforms Department, regarding the grant of appointment to Shri Saiju P.S. in a manner similar to that in which appointment was granted to Smt. Nisha Balakrishnan, is obtained and appended below.

"ശ്രീ.സൈജു.പി.എസിന്റെ അപേക്ഷയും ശ്രീമതി. നിഷ ബാലകൃഷ്ണന് ജോലി നൽകിയ സാഹചര്യവും സമാനമാണ് എന്ന് കാണുന്നു. ടിയാൻ ഭിന്നശേഷിക്കാരനും 50 വയസ്സിനടുത്ത് പ്രായമുള്ളയാളുമാണ്. 31.03.2018-ന് രാത്രി 12.00 മണിക്ക് മുമ്പ് എൻ.ജെ.ഡി. ഒഴിവ് (Differently Abled (Low Vision) ടേൺ) പി.എസ്.സിക്ക് ലഭിച്ചിരുന്നുവെങ്കിൽ ശ്രീ. സൈജു.പി.എസ്.-ന് നിയമനം ലഭിക്കുമായിരുന്നു. ഈ ദിവസം നഗരകാര്യ വകുപ്പ് ഓഫീസിൽ റിപ്പോർട്ട് ചെയ്യപ്പെട്ട അവസാന ഒഴിവുവരെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചപ്പോൾ ഒരു ഒഴിവ് രാത്രി 12.00 മണി കഴിഞ്ഞ് രണ്ട് മിനിട്ടിന് ശേഷം മാത്രമാണ് പി എസ് സി യ്ക്ക് ലഭിച്ചിട്ടുള്ളത് എന്നും അത് സാങ്കേതിക പിഴവായി കണക്കാക്കണമെന്നും നഗരകാര്യ വകുപ്പ് തലവൻ തന്നെ സർക്കാരിനെ അറിയിച്ചിരുന്നു.

സമാനസാഹചര്യത്തിൽ ജോലി ലഭിക്കുന്നതിന് അവസരം നഷ്ടപ്പെട്ട ശ്രീമതി. നിഷ ബാലകൃഷ്ണന് കെ.എസ്.&എസ്. എസ്.ആർ. റൂൾ 39 ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി തദ്ദേശസ്വയംഭരണവകുപ്പിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാരനായ ശ്രീ.സൈജു.പി.എസിന്റെ അപേക്ഷ പരിഗണിച്ചും നഗരകാര്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനും സമാനരീതിയിൽ നിയമനം നൽകേണ്ടതുണ്ടോ എന്ന വിഷയത്തിൽ ബഹു

മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെ തുടർനടപടി സ്വീകരിക്കേണ്ടതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. "

6. In this matter, the opinion of the Law Department is as follows:

*"ഭരണവകുപ്പിന്റെ ഫയൽ പരിശോധിച്ചതിൽ 31.03.2018-ൽ കാലാവധി അവസാനിച്ച ഒഴിവുകൾ പി.എസ്.സിക്ക് 31.03.2018-ൽ റിപ്പോർട്ട് ചെയ്തപ്പോൾ, എറണാകുളം ജില്ലയിലെ 2 ഒഴിവുകൾ പി.എസ്.സി-ക്ക് ലഭിച്ചത് 01.04.2018-ന് 12.00 AM, 12.02 AM എന്നീ സമയത്താണെന്നും ആയതിൽ ഒരൊഴിവിൽ ശ്രീമതി.നിഷാ ബാലകൃഷ്ണന്റെ അപേക്ഷപ്രകാരം കെ.എസ്.&എസ്.എസ്.ആർ. റൂൾ 39-ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി ടിയാൾക്ക് തദ്ദേശസ്വയംഭരണവകുപ്പിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവായിട്ടുള്ളതാണെന്നും ആയതിനാൽ 01.04.2018-ന് 12.00 AM, 12.02 AM എന്നീ സമയത്ത് റിപ്പോർട്ട് ചെയ്ത രണ്ടാമത്തെ ഒഴിവിൽ ശ്രീ.സൈജു.പി.എസ്-ന് നിയമനം ലഭിക്കേണ്ടതായിരുന്നെന്നും Note#37ൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. സമാന സാഹചര്യത്തിൽ ശ്രീമതി.നിഷ ബാലകൃഷ്ണന് ജോലി നൽകിയിട്ടുള്ളതിനാൽ ശ്രീ.സൈജു.പി.എസ്-ന് നിയമനം നിഷേധിച്ചാൽ ഭരണഘടനയുടെ അനുച്ഛേദം 14ന്റെ ലംഘനത്തിനിടയാകും എന്ന് കാണുന്നു. ആയതിനാൽ സൈജു.പി.എസ്-ന് നിയമനം നൽകുന്ന വിഷയത്തിൽ ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പിന്റെ അഭിപ്രായം കൂടി പരിഗണയിലെടുത്തു ഉചിത തലത്തിലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.&എസ്.എസ്.ആർ. റൂൾ 39-ലെ സവിശേഷാധികാരം ഉപയോഗിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്."*

7. In view of the opinions of the Personnel and Administrative Reforms Department and the Law Department, and due to the fact that adopting the same approach as was adopted in the case of Smt.Nisha Balakrishnan in the case of Shri.Saiju P.S would be the just decision, file was submitted to Hon'ble Chief Minister through Hon'ble Minister for

LSGD for orders whether appointment as L.D.Clerk in LSGD may be granted to Shri. Saiju P.S., a differently abled candidate who lost the opportunity for appointment from the Rank List of L.D. Clerk (Ernakulam District) that expired on 31.03.2018, due to the delay in reporting vacancies by the Directorate of Urban Affairs, by invoking the special powers under Rule 39 of the Kerala State and Subordinate Services Rules. The Hon'ble Chief Minister has ordered to place the matter before the Council of Ministers for consideration.

**POINT FOR DECISION**

Whether sanction may be accorded to the Principal Director, Local Self Government Department, to appoint Shri Saiju P.S. to the post of L.D.Clerk in LSGD in Ernakulam District, a differently abled candidate who lost the opportunity for appointment from the PSC Rank List of L.D. Clerk (Ernakulam District) that expired on 31.03.2018 due to delay in reporting vacancy by the Directorate of Urban Affairs, by invoking the special powers under Rule 39 of the Kerala State and Subordinate Services Rules ? If so, whether it may also be decided that he shall be entitled to seniority and other service benefits in the said post only with effect from the date of his joining duty ?